**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

**<u>വിജ്ഞാപനം</u>**

**<u>കീം –2022</u>**

**<u>എഞ്ചിനീയറിംഗ് പ്രവേശനത്തിനുള്ള സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് യോഗ്യതാ പരീക്ഷയുടെ മാർക്ക് ഓൺലൈനായി സമർപ്പിക്കണം</u>**

കേരളത്തിലെ സർക്കാർ കോസ്റ്റ് ഷെയറിംഗ് എഞ്ചിനീയറിംഗ് കോളേജുകളിലും സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും ഒഴിവുള്ള എഞ്ചിനീയറിംഗ് സീറ്റുകളിൽ പ്രവേശനം നടത്തുന്നതിനായി ഒരു സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിക്കൊണ്ട് 01.10.2022 ലെ G.o(Rt)No.1451/2022/HEDN പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. 2022 ലെ കേരള എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ ശേഷം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി യോഗ്യതാ പരീക്ഷയുടെ മാർക്ക് വിവരങ്ങൾ നിശ്ചിത സമയത്തിനകം സമർപ്പിക്കാത്തതിനാൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാതിരുന്നവർക്ക് പുതുതായി തയ്യാറാക്കുന്ന സപ്ലിമെന്ററി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നതിനായി യോഗ്യതാ പരീക്ഷയുടെ മാർക്ക് വിവരങ്ങൾ സമർപ്പിക്കാവുന്നതാണ്.

2022 ലെ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ലഭിച്ച സ്കോറിനും, യോഗ്യതാ പരീക്ഷയിൽ (പ്ലസ്ടു/തത്തുല്യം) രണ്ടാം വർഷത്തിൽ ലഭിച്ച മാർക്കിനും തുല്യ പരിഗണന നൽകിയാണ് സപ്ലിമെന്ററി എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾ , അവർക്ക് യോഗ്യതാ പരീക്ഷയുടെ (പ്ലസ്ടു/തത്തുല്ല്യം) രണ്ടാം വർഷത്തിൽ മാത്തമറ്റിക്സ്, ഫിസിക്സ്, കെമസ്ട്രി എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കേണ്ടതാണ് . കെമസ്ട്രി പഠിച്ചിട്ടില്ലാത്തവർക്ക് കമ്പ്യൂട്ടർ സയൻസിന്റെയും. കെമസ്ട്രിയും കമ്പ്യൂട്ടർ സയൻസും പഠിച്ചിട്ടില്ലാത്തവർക്ക്

ബയോടെക്നോളജിയുടെയും, കെമസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ബയോടെക്നോളജി എന്നിവ പഠിച്ചിട്ടില്ലാത്തവർക്ക് ബയോളജിയുടെയും മാർക്ക് പരിഗണിക്കുന്നതാണ്. ഇപ്രകാരം സമർപ്പിച്ച മാർക്ക്/ഗ്രേഡിന് തുല്യമായ മാർക്ക് KEAM-2022 പ്രോസ്പെക്ടസ് ക്ലോസ് 9.7.4(b) പ്രകാരം സ്റ്റാൻഡേർഡൈസേഷൻ പ്രക്രിയക്ക് വിധേയമാക്കിയശേഷമാണ് സപ്ലിമെന്ററി എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. സപ്ലിമെന്ററി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നതിനുവേണ്ടി യോഗ്യതാ പരീക്ഷയുടെ മാർക്ക് ഓൺലൈനായി സമർപ്പിക്കുന്നതിന് **18.10.2022** ഉച്ചയ്ക്ക് 1 മണിവരെ വെബ്സൈറ്റിൽ സൗകര്യം ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനകം ലഭ്യമാകുന്ന മാർക്ക് വിവരങ്ങൾ പരിഗണിച്ച് സപ്ലിമെന്ററി എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

മേൽപ്പറഞ്ഞ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള **'KEAM-2022-Candidate Portal'** എന്ന ലിങ്കിലൂടെ അപേക്ഷാർത്ഥികൾ അവരുടെ അപേക്ഷാ നമ്പർ , പാസ്സ്‌വേഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം **'Mark Submission for Supplementary Rank List'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് യോഗ്യതാ പരീക്ഷയിൽ നിശ്ചിത വിഷയങ്ങൾക്ക് ലഭിച്ച മാർക്ക് സമർപ്പിക്കേണ്ടതാണ്. യോഗ്യതാ പരീക്ഷ പാസായ ബോർഡ്, വർഷം, രജിസ്റ്റർ നമ്പർ എന്നിവ രേഖപ്പെടുത്തുമ്പോൾ വിദ്യാർത്ഥിയുടെ യോഗ്യതാ പരീക്ഷയുടെ മാർക്കിനെ സംബന്ധിച്ചുള്ള വിവരങ്ങൾ അതത് ബോർഡുകൾ ഈ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് വെബ് പേജിൽ ദൃശ്യമാകുന്നതാണ്. ഇപ്രകാരം വെബ്പേജിൽ തന്നെ മാർക്ക് വിവരം ലഭ്യമാകുന്ന വിദ്യാർത്ഥികൾ മാർക്കുകൾ വീണ്ടും രേഖപ്പെടുത്തേണ്ടതില്ല. എന്നാൽ വെബ് പേജിൽ കാണിച്ചിട്ടുള്ള മാർക്കുകൾ മാർക്ക് ലിസ്റ്റുമായി താരതമ്യം ചെയ്ത് ശരിയാണോ എന്ന് ബോദ്ധ്യപ്പെട്ടതിനുശേഷം തിരുത്തലുകൾ ആവശ്യമില്ലെങ്കിൽ **'Finalize Mark Data'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് മാർക്ക് സമർപ്പിക്കേണ്ടതാണ്.

വെബ്സൈറ്റിൽ കാണിച്ചിട്ടുള്ള മാർക്കുകൾ മാർക്ക് ലിസ്റ്റിലുള്ളതിൽ നിന്നും വ്യത്യസ്തമാണെങ്കിൽ **'change'** ബട്ടൺ ക്ലിക്ക് ചെയ്ത് ശരിയായ മാർക്ക് സമർപ്പിച്ചശേഷം **'Finalize Mark Data'**ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്.

മാർക്കിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷാ ബോർഡുകൾ ഈ ഓഫീസിൽ ലഭ്യമാക്കിയിട്ടില്ലാത്ത പക്ഷം വിദ്യാർത്ഥികൾ അവരവരുടെ ബോർഡ് ,

പാസായ വർഷം, രജിസ്റ്റർ നമ്പർ എന്നിവ രേഖപ്പെടുത്തുമ്പോൾ ദൃശ്യമാകുന്ന പേജിൽ ബന്ധപ്പെട്ട വിഷയങ്ങൾക്ക് ലഭിച്ച മാർക്കുകൾ വെബ്സൈറ്റിൽ നിഷ്കർഷിക്കുന്നതുപോലെ രേഖപ്പെടുത്തി **'Finalize Mark Data'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്.

വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിക്കുന്ന മാർക്ക് വിവരങ്ങൾ അതേപടി സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പരിഗണിക്കുന്നതാണ്. ഈ മാർക്ക് വിവരങ്ങൾ പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതും എന്തെങ്കിലും വ്യത്യാസം ഉള്ള പക്ഷം പ്രവേശനം നിരസിക്കുന്നതുമാണ് .ആയതിനാൽ വിദ്യാർത്ഥികൾ യോഗ്യതാ പരീക്ഷയുടെ (പ്ലസ്ടു/തത്തുല്യം) രണ്ടാം വർഷത്തിൽ നിശ്ചിത വിഷയങ്ങൾക്ക് ലഭിച്ച മാർക്ക് ഓരോ വിഷയത്തിലെയും പരമാവധി മാർക്ക് എന്നിവ മാർക്ക് ലിസ്ററിലുള്ളതുപോലെ സമർപ്പിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് . വിദ്യാർത്ഥികൾ തെറ്റായി സമർപ്പിക്കുന്ന മാർക്ക് വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുന്നതല്ല.

മേൽപറഞ്ഞ പ്രകാരം വെബ്സൈറ്റ് വഴി യഥാസമയം യോഗ്യതാ പരീക്ഷയുടെ മാർക്കുകൾ രേഖപ്പെടുത്താത്ത വിദ്യാർത്ഥികളെ സപ്ലിമെന്ററി എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.

സർക്കാർ കോസ്റ്റ് ഷെയറിംഗ് എഞ്ചിനീയറിംഗ് കോളേജുകളിലും സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലും ഒഴിവുള്ള സീറ്റുകളിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള കേരളാ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളെ പരിഗണിച്ച ശേഷം ഒഴിവുകൾ പിന്നെയും നിലനിൽക്കുന്ന പക്ഷം സപ്ലിമെന്ററി എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളെ പരിഗണിക്കാവുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.10.16 18:41:30 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**16/10/2022**